(സി) ഇല്ല.

(ഡി) ബാധകമല്ല.

പിടിച്ചുപറിയും മോഷണവും തടയുന്നതിന് നടപടി

*9 [309] ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിടിച്ചുപറിയും മോഷണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനും മോഷ്ടാക്കളെ അമർച്ച ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) സംസ്ഥാനത്തെ കച്ചവട സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, വീടുകൾ, ബാങ്കുകൾ എന്നിവയിൽനിന്നും കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ മോഷ്ടിക്കപ്പെട്ടത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) സംസ്ഥാനത്ത് പിടിച്ചുപറിയും മോഷണവും വർദ്ധിച്ചുവരുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നില്ല.

(ബി) മോഷണവും പിടിച്ചുപറിയും അമർച്ചചെയ്യുന്നതിന് പകലും, രാത്രിയിലും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫ്ളയിംഗ് സ്കാഡുകൾ, ഹൈവേ പട്രോൾ എന്നിവയുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ ഇത്തരം കേസുകളിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളവരെ നിരീക്ഷിച്ചും, പ്രധാന ബസ് സ്റ്റാന്റുകളിലും കവലകളിലും മഫ്ടി പോലീസിനെ നിയോഗിച്ചും നടപടി സ്വീകരിച്ചുവരുന്നു. മുൻ ശിക്ഷക്കാർക്കെതിരെ സി. ആർ. പി. സി.-യിലെ വകുപ്പുകൾ അനുസരിച്ച് സെക്യൂരിറ്റി പ്രൊസീഡിംഗ്സ് എടുക്കുന്നുണ്ട്. തിരുവനന്തപുരം സിറ്റിയിൽ കേസന്വേഷണത്തിനുവേണ്ടി മാത്രം എല്ലാ സ്റ്റേഷനിലും ഓരോ എസ്. ഐ.-മാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) പരാതികൾ ലഭിക്കുന്നത് അനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. പ്രധാനപ്പെട്ട കേസുകളിൽ സർക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് അന്വേഷണം നടത്താൻ നിർദ്ദേശം ഉണ്ട്. സെൻസിറ്റീവ് കേസുകൾ അന്വേഷിക്കാൻ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും ക്രൈം ഡിറ്റാച്ച്മെന്റ്, ക്രൈംബ്രാഞ്ച് എന്നീ പ്രത്യേക ഏജൻസികൾക്ക് കൈമാറിയും അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ക്രൈംഡിറ്റാച്ച്മെന്റുകൾ എല്ലാ ജില്ലകളിലും ഓരോ ഡിവൈ. എസ്. പി.-മാരുടെ കീഴിൽ പ്രവർത്തിക്കുന്നു. ഒപ്പം എല്ലാ ജില്ലകളിലും മൊബൈൽ ഫോറൻസിക് ലബോറട്ടറികൾ നൽകിയിട്ടുണ്ട്. രണ്ട് റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികൾ പണിതുകൊണ്ടിരിക്കുകയാണ് (തൃശ്ശൂരും, കണ്ണൂരും). ഫിംഗർപ്രിന്റ് ബ്യൂറോ പരിഷ്കരിക്കുന്നതിനുള്ള ഏർപ്പാടുകളും നടത്തിവരുന്നു.

ദിവസേന ഒ. പി. സംവിധാനം ഏർപ്പെടുത്താൻ നടപടി

*10 [310] ശ്രീ. പി. കെ. കെ. ബാവ :
,, യു. സി. രാമൻ :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, കെ. എൻ. എ. ഖാദർ :
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഏറ്റവും കൂടുതൽ രോഗികൾ ചികിത്സയ്ക്കായി എത്തുന്ന പ്രാക്ടീസ് ഓഫ് മെഡിസിൻ (പി. എം.) വിഭാഗത്തിൽ ആഴ്ചയിൽ എത്ര ദിവസമാണ് ഇപ്പോൾ ഒ. പി. സംവിധാനം നിലവിലുള്ളത്;

(ബി) ഈ വിഭാഗത്തിലേക്കുള്ള രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ആഴ്ചയിൽ എല്ലാ ദിവസവും ഒ. പി. സംവിധാനമേർപ്പെടുത്തുന്നതിന് ആലോചിക്കുമോ;

(സി) ഇത് നടപ്പിലാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകളും സാങ്കേതിക തടസ്സങ്ങളും എന്തൊക്കെയാണ്;

(ഡി) ഈ വിഭാഗത്തിൽ ദിവസേന ഒ. പി. സമ്പ്രദായം വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിലെങ്കിലും നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) മൂന്നു ദിവസം.

LIBRARY ARCHIVES Kerala Legislative Assembly